പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3610 30.01.2014 ൽ മറുപടിക്ക്

**കോഴിക്കോട് വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | കോഴിക്കോട് വിമാനത്താവള വികസനത്തിനായി 137 ഏക്കർ ഭൂമിയും ടി ഭൂമിയിലുൾപ്പെടുന്നവരുടെ പുനരധിവാസത്തിനായി 20 ഏക്കർ ഭൂമിയും ഏറ്റെടുക്കാൻ തീരുമാനിക്കുകയും അതിനായുള്ള അർത്ഥനാപത്രം പരിശോധിച്ചു വരികയുമാണ്. ടി 137 ഏക്കർ ഭൂമിയുടെ അതിർത്തി നിർണ്ണയ ജോലികൾ തദ്ദേശീയരുടെ പ്രതിഷേധം കാരണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | ഇതിനുവേണ്ടി പുതുതായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ ഇവ ഏതെല്ലാം ആവശ്യത്തിനാണ് ഏറ്റെടുക്കുന്നത്; | (ബി) | ഉണ്ട്. കോഴിക്കോട് വിമാനത്താവള വികസനത്തിനു വേണ്ടി 248.3 ഏക്കർ ഭൂമി കൂടി പുതുതായി ഏറ്റെടുക്കുവാൻ നിർദ്ദേശം എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (സി) | കൊണ്ടോട്ടി, നെടിയിരുപ്പ്, വില്ലേജുകളിൽ നിന്ന് സ്ഥലം ഏറ്റെടുക്കുന്നതിന് നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം സർവ്വേയിൽപ്പെട്ട സ്ഥലങ്ങളാണ് | (സി) | പുതുതായി ഏറ്റെടുത്ത് നൽകേണ്ട 248.3 ഏക്കർ ഭൂമി കൊണ്ടോട്ടി, നെടിയിരുപ്പ്, പള്ളിക്കൽ വില്ലേജുകളിലാണ് ഉൾപ്പെടുന്നത്. അലൈൻമെന്റ് അന്തിമമായി നിശ്ചയിച്ച ശേഷമേ ടി വില്ലേജുകളിലെ ഏതെല്ലാം |

| | | | |
|---|---|---|---|
| | ഏറ്റെടുക്കാൻ നിർദ്ദേശമുള്ളത്; | | സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്ന് കണക്കാക്കാനാകൂ. |
| (ഡി) | ഏറ്റെടുക്കുന്ന ഭൂമിക്ക് നിലവിലെ വിപണി വിലയും സ്ഥലം നൽകുന്ന കുടുംബത്തിലെ ഒരാൾക്ക് ജോലിയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | 07.01.2011 തീയതിയിലെ ജി.ഒ (എം.എസ്) നമ്പർ.15/2011/റവ. ഉത്തരവ് പ്രകാരം കോഴിക്കോട് വിമാനത്താവള വികസനത്തിനായി 137 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്ക് പുനരധിവാസ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വിദ്യാഭ്യാസ യോഗ്യതയനുസരിച്ച്, കുടിയൊഴിപ്പെടുന്ന കുടുംബത്തിലെ ഒരു അംഗത്തിന് വിമാനത്താവളത്തിലോ അനുബന്ധ സ്ഥാപനങ്ങളിലോ ജോലി നല്കുന്നതിന് എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യക്ക് ശുപാർശ നൽകാനും ടി പുനരധിവാസ പാക്കേജിൽ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ